നിങ്ങൾ

# പോയി

എല്ലാവരെയും

## വിരുന്നിനു ക്ഷണിക്കുവിൻ

(സൂചന. മത്താ. 22:9)



## വിചിന്തനം

ഒക്ടോബർ 2024

ഫ്രാൻസിസ് പാപ്പാ ഈ വർഷത്തെ ലോക മിഷൻ ദിനത്തിന്റെ പ്രമേയമായി 'നിങ്ങൾ പോയി എല്ലാവരെയും വിരുന്നിനു ക്ഷണിക്കുവിൻ' (മത്താ. 22,9) എന്ന വാക്യം തിരഞ്ഞെടുത്തത് സുവിശേഷവത്കരണത്തിന്റെ പ്രാധാന്യത്തെയും സവിശേഷതയെയും അടിവരയിട്ടുകൊണ്ടാണ്. ഇതേ ആശയം തന്നെ പ്രതിധ്വനിക്കുന്ന വിധത്തിൽ ഇന്ത്യാനാപ്പോളീസിൽ പത്താം ദേശീയ ദിവ്യകാരുണ്യ കോൺഗ്രസിൽ പങ്കെടുത്തവരെ ആവേശം കൊള്ളിച്ചുകൊണ്ട് കർദിനാൾ ലൂയിസ് ടാഗ്ലേ പറഞ്ഞത്: "ദിവ്യപൂജ സമാപിച്ചു, ക്രിസ്തുവിന്റെ സമാധാനത്തിൽ പോകുവിൻ" എന്ന് വൈദികൻ പറയുമ്പോൾ നിങ്ങൾ പോവുക!!! നിങ്ങൾ കേട്ടതും അനുഭവിച്ചതും രുചിച്ചറിഞ്ഞതും മറ്റുള്ളവരോട് തീർച്ചയായും പറയുക. ഫ്രാൻസിസ് പാപ്പാ സൂചിപ്പിച്ചതുപോലെ "സഭയിലെ ഇന്നത്തെ ഒരു നാടകീയാവസ്ഥ ഇതാണ്; ഈശോ വാതിലിൽ മുട്ടുന്നുണ്ട്, പക്ഷേ അത് അകത്തുനിന്നാണ്. പുറത്തേക്കു പോകാൻ നാം അവിടത്തെ അനുവദിക്കണം. കർത്താവിനെ പുറത്തുപോകാൻ അനുവദിക്കാത്ത 'ജയിലഴികൾക്കുള്ളിലായ' സഭയായി പലപ്പോഴും നാം മാറുന്നുണ്ട്." ഒഴികഴിവുകൾ പറഞ്ഞു മാറിനില്ക്കാനോ അതോ സ്വസ്ഥതയുടെ സങ്കേതങ്ങൾ വിട്ടു പുറത്തുവന്ന് ക്രിസ്തുവിനെ ഏതുവിധേനയും മറ്റുള്ളവരിലേക്ക് എത്തിക്കണമെന്നാണോ അവിടന്ന് ആഗ്രഹിക്കുന്നത്?

നിരീശ്വരവാദവുമായി ഞാൻ നിരന്തരം വെല്ലുവിളിച്ചിരുന്ന എന്റെ ജീസസ് യൂത്ത് സുഹൃത്തുക്കൾ എന്നെ കൈവിട്ടില്ല. പകരം, അവരുടെ തീക്ഷ്ണമായ പ്രാർഥനയും നിരന്തരമായ കൂട്ടുചേരലുമാണ് എന്റെ അറിവില്ലായ്മയുടെ മേൽ, ക്രിസ്തീയ വിശ്വാസത്തിന്റെ വിത്തുകൾ നട്ടുപിടിപ്പിച്ചതും ഒടുവിൽ ഫലം കായ്ച്ചതും. നമുക്കോരോരുത്തർക്കും അനുഭവമുള്ളതുപോലെ ശക്തമായ മാനസാന്തര അനുഭവങ്ങൾ മിക്കവയും വാചാലമായ പ്രസംഗത്തിലൂടെയല്ല, മറിച്ച്, മറ്റുള്ളവരിൽ ക്രിസ്തു രൂപപ്പെടാനായി കൊതിക്കുന്നവരുടെ ഹൃദയത്തിൽനിന്നു വരുന്ന വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും ആണല്ലോ സംഭവിക്കുക. തീർച്ചയായും, "ഓരോ ജീസസ് യൂത്തും ഒരു മിഷനറിയാണ്!" അല്ലെങ്കിൽ ആകണം. പ്രായശ്ചിത്തപ്രവർത്തികളോടും പ്രാർഥന യോടും കൂടി 'മറ്റൊരാളോടൊപ്പം നടക്കാനുള്ള' നമ്മുടെ പ്രതിബദ്ധതയുടെ ഈ യാത്രയെ, ബോധപൂർവം നമുക്ക് പരിപോഷിപ്പിക്കുകയും ഉറപ്പിക്കുകയും ചെയ്യാം.

യേശു തന്റെ സ്വർഗീയ വിരുന്നിലേക്ക് എല്ലാവരെയും ക്ഷണിക്കുന്നപോലെ കൗമാരക്കാർ, യുവാക്കൾ, യുവദമ്പതികൾ തുടങ്ങിയവരിലേക്കു കടന്നുചെല്ലാനും എല്ലാവരെയും ഉൾക്കൊള്ളാനും ജീസസ് യൂത്ത് എന്ന നിലയിൽ നമുക്ക് സവിശേഷമായ ഒരു വിളിയുണ്ട്. ഭാഷയ്ക്കും സാംസ്കാരിക വേലിക്കെട്ടുകൾക്കും അതീതമായി അവരെയെല്ലാം സ്വീകരിക്കാൻ നമ്മുടെ ഹൃദയങ്ങൾ തുറവിയുള്ളതാണോ? വിതക്കാരനെപ്പോലെ ഉദാരമനസ്കരാകാൻ, ജീവിതങ്ങളെ പരിവർത്തനപ്പെടുത്തുന്ന ദൈവത്തിന്റെ ശക്തിയിൽ ആശ്രയിച്ചുകൊണ്ട് വിശാലമായി വിത്തുകൾ വിതറാൻ ഫ്രാൻസിസ് മാർപാപ്പാ നമ്മെ പ്രചോദിപ്പിക്കുന്നു.

വിരുന്നിലേക്കുള്ള രാജാവിന്റെ ക്ഷണം നിർബന്ധമില്ലാത്തതും സൗജന്യമായി നല്കുന്നതുമാണ്. നാം സുവിശേഷം പങ്കുവയ്ക്കുമ്പോൾ, മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തെ മാനിക്കാറുണ്ടോ? സദ്വാർത്ത അറിയിക്കേണ്ടതിന്റെ അടിയന്തര സ്വഭാവത്തിനും പരസ്പര ബഹുമാനത്തിനും ഇടയിൽ ഒരു സന്തുലിതാവസ്ഥ നിലനിർത്തികൊണ്ടുതന്നെ ബന്ധങ്ങൾ പുഷ്ടിപ്പെടുത്താനും അതേസമയം യേശുവിനെ പകരാനും മറ്റുള്ളവരെ കൂട്ടായ്മയുടെ ഭാഗമാക്കാനും ഒരു യഥാർത്ഥ മിഷണറിക്ക് ഫലപ്രദമായി സാധിക്കുന്നു.

ദൈവത്തെ അന്വേഷിച്ച് അലയുന്നവരെ നിരുപാധികമായ സ്നേഹത്തോടും പരസ്പര ബഹുമാനത്തോടും കൂടി സ്വീകരിക്കാൻ നമ്മുടെ കൂട്ടായ്മകൾ സജ്ജമാണോ? പാർശ്വവൽക്കരിക്കപ്പെട്ടവരെ അവരുടെ രൂപമോ, രീതികളോ പരിഗണിക്കാതെ അവരോടൊപ്പം 'രണ്ടു മൈൽ' നടക്കാനും വേണ്ട രീതിയിൽ പരിഗണിക്കാനും നമുക്ക് സാധിക്കുന്നുണ്ടോ? അങ്ങനെ ചെയ്താൽ, സംഗീതത്താലും സൗഹൃദത്താലും, വിശ്വാസത്തിന്റെ പങ്കിടൽ കൊണ്ടും, ഹൃദയംഗമമായ ആരാധനയാലും സമ്പന്നമായതും എല്ലാവരേയും സ്വാഗതം ചെയ്യുകയും വിലമതിക്കുകയും ചെയ്യുന്നതുമായ കൂട്ടായ്മകൾ നമുക്ക് സൃഷ്ടിച്ചെടുക്കാനാകും.

സ്വർഗീയ വിരുന്നും ലോകത്തിലെ ക്ഷണികമായ വിരുന്നുകളും തമ്മിലുള്ള തീവ്രവൈരുദ്ധ്യം ഫ്രാൻസിസ് പാപ്പാ എടുത്തു പറയുന്നുണ്ട്. ഉപഭോക്തൃപരത, സ്വാർഥസുഖം, സമ്പത്തിന്റെ കുമിഞ്ഞുകൂടൽ, വ്യക്തിവാദം തുടങ്ങിയവയാണ് ഇന്നിന്റെ ലോകത്തിലെ ക്ഷണികതയുടെ 'വിരുന്നുകൾ'. എന്നാൽ സ്വർഗീയ വിരുന്നാകട്ടെ ആനന്ദം, പങ്കുവയ്ക്കൽ, നീതി, സാഹോദര്യം, ദൈവവുമായും മറ്റുള്ളവരുമായുള്ള കൂട്ടായ്മ എന്നിവയാൽ അടയാളപ്പെടുത്തിയിരിക്കുന്നു.

ഉപമയിൽ, രാജാവ് തന്റെ മകന്റെ വിവാഹ വിരുന്നിലേക്ക് എല്ലാവരെയും ക്ഷണിക്കുന്നു. ഇത് സ്വർഗീയ വിരുന്നിന്റെ ഒരു പ്രതീകം കൂടിയാണ്. സുവിശേഷവൽക്കരണ ദൗത്യത്തിൽ നാം എല്ലാവരെയും ക്ഷണിക്കുന്നത് ഈ വിരുന്നിലേക്കാണ്. ഈ ക്ഷണം മറ്റൊരർഥത്തിൽ യേശുവിന്റെ പെസഹ മേശയിലേക്കുള്ള ക്ഷണവുമായി ബന്ധപ്പെട്ടിരിക്കുന്നു. ദിവ്യകാരുണ്യമേശയിൽ കർത്താവ് നമ്മെ അവിടത്തെ വചനത്താലും ശരീരരക്തങ്ങളാലും പരിപോഷിപ്പിക്കുന്നു. ഫ്രാൻസിസ് മാർപാപ്പാ നമ്മെ ഓർമ്മിപ്പിക്കുന്നു, "ദൈവത്തിന്റെ ഹൃദയത്തിൽനിന്ന് ആരംഭിച്ച്, ലോകത്തിന്റെ അതിർത്തികൾ വരെ സുവിശേഷം എത്തിക്കാനുള്ള ദൗത്യത്തിലേക്ക് ആകർഷിക്കപ്പെടാതെ നമുക്ക് ദിവ്യകാരുണ്യ മേശയെ സമീപിക്കാനാവില്ല".

ദിവ്യകാരുണ്യത്തോടും അതിന്റെ പരിവർത്തന ശക്തിയോടുമുള്ള ആഴത്തിലുള്ള ബന്ധത്തിലേക്ക് ഈ ക്ഷണം നമ്മെ കൂട്ടികൊണ്ടുപോകുന്നു. വിശുദ്ധ കുർബാനയിൽ യേശുവിന്റെ സാന്നിധ്യമാകുന്ന സമ്മാനം സ്വീകരിച്ചുകൊണ്ടും അവന്റെ ദൗത്യത്തിൽ പങ്കുചേർന്നും അവിടത്തെ സാന്നിധ്യം മറ്റുള്ളവരുമായി പങ്കിടുന്നതിൽ നാം തീക്ഷ്ണതയുള്ളവരാണോ? കർത്താവിന്റെ വിരുന്നിലേക്കു മറ്റുള്ളവരെ ക്ഷണിക്കാനുള്ള അശ്രാന്തമായ പുറപ്പെടൽ നമ്മിലും നമ്മുടെ ജീസസ് യൂത്ത് കൂട്ടായ്മകളിലും എത്രമാത്രം യാഥാർഥ്യമാകുന്നുണ്ട്?

ഒരു ദിവ്യകാരുണ്യ സമൂഹം തീർച്ചയായും ഒരു പ്രേഷിതസമൂഹമാണ്. ഒരു പ്രേഷിത മുന്നേറ്റമെന്ന നിലയിൽ, ഇതുവരെയുള്ള നമ്മുടെ എല്ലാ പ്രേഷിതപ്രവർത്തനങ്ങളെയും വിലയിരുത്താൻ ശ്രമിക്കാം. ഓരോ ചുവടുവയ്പിലും, നമ്മുടെ തെറ്റുകളിൽ നിന്നു പോലും നമുക്കു പഠിക്കാം. നല്ല ഫലങ്ങളുടെ സമൃദ്ധിയിൽ സന്തോഷിക്കാം, അചഞ്ചലമായ പ്രതീക്ഷയോടെ മുന്നോട്ടു പോകാം. ആനന്ദത്തോടും ധൈര്യത്തോടുംകൂടെ നമുക്ക് ലോകത്തിൽ യേശുവിനെപ്രഘോഷിക്കാം.

സിന്ധു നടരാജൻ

**ചർച്ചാ സഹായി:**

സഭയുടെ മിഷനറി ജീവിതത്തിലേക്ക് ആവേശത്തോടെ പ്രവേശിക്കാൻ ജീസസ്‌യൂത്തിനു കടമയുണ്ട്. നമ്മുടെ ഹൗസ്ഹോൾഡുകളും കൂട്ടായ്മകളും ഇത്തരം മിഷനറി സംരംഭങ്ങളുടെ വിളനിലം ആകേണ്ടേ?

ഒരു കൂട്ടായ്മ എന്ന നിലയിൽ നിങ്ങൾക്ക് ഏറ്റെടുക്കാൻ കഴിയുന്ന ഒരു മിഷനറി പ്രവർത്തനത്തെക്കുറിച്ച് ചർച്ച ചെയ്ത് തീരുമാനിക്കുക. പ്രാദേശിക ഇടവകകൾ, അനാഥാലയങ്ങൾ/വൃദ്ധസദനങ്ങൾ എന്നിവിടങ്ങളിലേക്കുള്ള സാമൂഹിക മിഷൻ പ്രവർത്തനം, നിങ്ങൾ തിരഞ്ഞെടുത്ത മിഷൻ രാജ്യത്തിനോ പ്രദേശത്തിനോ വേണ്ടിയുള്ള മദ്ധ്യസ്ഥ പ്രാർത്ഥനകൾ അല്ലെങ്കിൽ ഒരു മിഷൻ പരിചയ യാത്ര തുടങ്ങിയവ ഗൗരവമായി ആലോചിക്കാമോ?

*ഇന്റർനാഷണൽ മിഷൻ ടീം അംഗമായ സിന്ധു ഭർത്താവ് സുനിലിനോടും അഞ്ചു മക്കളോടുമൊപ്പം അമേരിക്കയിലെ ഫ്ളോറിഡയിൽ താമസിക്കുന്നു*

*Prepared by Jesus Youth International Formation Team.*
*Email: formation@jesusyouth.org*